**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5675** **16-03-2023 - ൽ മറുപടിയ്ക്ക്**

**ക്യാമറകളുടെ പ്രവർത്തനക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ദേവസ്വം ബോർഡ് ജംഗ്ഷൻ മുതൽ ക്ലിഫ് ഹൗസ് വരെയുള്ള റോഡിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ പ്രവർത്തനക്ഷമത പരിശോധിച്ച് ഉറപ്പുവരുത്താറുണ്ടോ; എങ്കിൽ അവസാനമായി ക്യാമറകൾ പരിശോധിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; മുഴുവൻ ക്യാമറകളും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ പ്രവർത്തനക്ഷമത പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. ക്ലിഫ് ഹൗസ്, ദേവസ്വം ബോർഡ് ജംഗ്ഷൻ മുതലായ സ്ഥലങ്ങൾ അതീവ സുരക്ഷാ വലയത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാകയാൽ പ്രസ്തുത സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ വെളിപ്പെടുത്തുവാൻ നിർവാഹമില്ല |
| (ബി) | മേൽപ്പറഞ്ഞ ക്യാമറകൾ സ്ഥാപിക്കുന്നതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത റോഡിലൂടെ കടന്നു പോകുന്ന വാഹനങ്ങളുടെ നമ്പർ ഉൾപ്പെടെ തിരിച്ചറിയാൻ കഴിയുന്ന ക്യാമറകൾ ആണോ അവിടെ സ്ഥാപിച്ചിട്ടുള്ളത്; അല്ലെങ്കിൽ അടിയന്തരമായി ക്യാമറകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | തിരുവനന്തപുരം സിറ്റിയിൽ പോലീസ് സേനയുടെ നവീകരണത്തിന്റെ (MoPF) ഭാഗമായി 223 സിസിടിവി ക്യാമറകൾ തന്ത്രപ്രധാനമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ദേവസ്വം ബോർഡ് ജംഗ്ഷനിൽ സ്ഥാപിച്ചിരിക്കുന്ന ക്യാമറകൾ ഇതിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത ക്യാമറകളുടെ ഇൻസ്റ്റാലേഷൻ ചാർജ് ഉൾപ്പെടെ ചെലവായ തുക പ്രത്യേകമായി കണക്കാക്കിയിട്ടില്ല. അതീവ സുരക്ഷാ മേഖലയിലുൾപ്പെട്ട പ്രസ്തുത പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന ക്യാമറകളുടെ സ്പെസിഫിക്കേഷൻ സുരക്ഷാ കാരണങ്ങളാൽ വെളിപ്പെടുത്തുവാൻ നിർവാഹമില്ല |

സെക്ഷൻ ഓഫീസർ